## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4138 — 20/03/2018-ൽ മറുപടിയ്ക്ക്

## കക്കാട് പി.എച്ച്.സിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. എസ്.ഡി.എഫ്-ൽ നിന്നും നടപടി സ്വീകരിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിർമ്മാണം സംബന്ധിച്ചുണ്ടായിട്ടുള്ള പരാതിയിൻമേൽ വർഷങ്ങളായിട്ടും തീർപ്പ് കൽപ്പിക്കാത്തതുമൂലം നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനും ഇനിയും കാലതാമസം കൂടാതെ നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ടി കെട്ടിടനിർമ്മാണത്തിലെ അപാകത സംബന്ധിച്ച് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച അസി. എൻജിനീയർ, അസി. എക്സിക്യൂട്ടീവ് എൻജിനീയർ, കരാറുകാരൻ എന്നിവർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ